**റൂളിംഗ്**

<u>ബില്ലിന്റെ നിയമ സാധുത സംബന്ധിച്ച്</u>

<u>മി. സ്പീക്കർ:</u> ബില്ലിൽ പുതിയതായി കൂട്ടിച്ചേർക്കുന്ന സെക്ഷൻ 27 (എ) യിൽ 3-ാം സബ്സെക്ഷനായി ചേർക്കുന്ന വ്യവസ്ഥ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ആ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള ബിൽ ഇന്ന് സഭ പാസ്സാക്കുന്നത് ക്രമപ്രകാരമല്ലെന്നാണ് ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നം. എന്നാൽ അപ്രകാരം വ്യക്തമായ ഒരു സ്റ്റേ ഹൈക്കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ അസന്ദിഗ്ദ്ധമായി വിശദീകരിക്കുകയുണ്ടായി. ചെയറിന് ഇതുസംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്, ഹൈക്കോടതിയുടെ സ്റ്റേ എന്നുപറയുന്നത് ലീഗൽ പ്രോസസ്സിന്റെ ഭാഗമായി വരുന്നൊരു കാര്യമാണ്. ലീഗൽ സ്ക്രൂട്ടിനിയുടെ ഭാഗമായിട്ടല്ല. ഒരു നടപടിക്രമം മാത്രമാണത്. അതൊരിക്കലും സഭയുടെ നിയമനിർമ്മാണ അധികാരത്തെ ബാധിക്കുന്നതല്ല. ഇനി അപ്രകാരം ഒരു സ്റ്റേ ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ഈ നിയമ നിർമ്മാണവുമായി മുന്നോട്ടു പോകുന്നതിൽ നിയമസഭ മുൻപാകെ നിയമപരമായ ഒരു തടസ്സവും ഇക്കാര്യത്തിൽ ഇല്ല എന്നതന്നെയാണ് റൂളിംഗ്

നൽകുവാനുള്ളത്. മാത്രമല്ല, വകുപ്പു തിരിച്ചുള്ള പരിഗണനാ വേളയിൽ ഇതിന്മേൽ ഭേദഗതി നിർദ്ദേശിച്ച് ഇടപെടാനും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നില്ലെന്ന് റൂൾ ചെയ്യുന്നു.

നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) ഒരു പീനൽ പ്രൊവിഷനാണെന്നും അതിന് മുൻകൂർ പ്രാബല്യം നൽകുന്നത് ഭരണഘടനാ തത്വങ്ങൾക്ക് എതിരാണെന്നും ബില്ലിലെ മറ്റു വ്യവസ്ഥകൾ മുൻ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരാണെന്നുമാണ് ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നം. ലെജിസ്ലേച്ചർ ഇന്റൻഷനെ സംബന്ധിച്ചുള്ള അന്തിമമായ അഭിപ്രായ പ്രകടനം നടത്താൻ ചെയറിന് നിർവ്വാഹമില്ല. അത് സഭയാണ് തീരുമാനിക്കേണ്ടത്. സർക്കാരാണ് ആ നിലപാട് സ്വീകരിക്കേണ്ടത് എന്നുള്ളത് വ്യക്തമായിരിക്കെ, അക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കൽ സാദ്ധ്യമായ കാര്യമല്ല. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) ഒരു പീനൽ പ്രൊവിഷൻ അല്ലെന്നാണ് ഇവിടെ ലഭ്യമായിരിക്കുന്ന നിയമോപദേശം. അതുകൊണ്ടുതന്നെ ഉന്നയിച്ച ആശങ്ക നിലനിൽക്കുന്നതല്ല. അതൊരു ഫീസ് മാത്രമായിട്ട് കണക്കാക്കാവുന്നതാണ് എന്നാണ്

നിയമോപദേശം. അദ്ദേഹം നാലോ അഞ്ചോ വകുപ്പുകളെക്കുറിച്ച് ഭേദഗതികൾ 2008-ലെ നിയമത്തിന്റെ ലെജിസ്ലേച്ചർ ഇന്റൻഷന് എതിരാണെന്ന് എഴുതി നൽകിയിട്ടുണ്ട്. ആ ലെജിസ്ലേച്ചർ ഇന്റൻഷനെ സംബന്ധിച്ച് അഭിപ്രായ പ്രകടനം നടത്താനോ അന്തിമമായ അഭിപ്രായം പറയാനോ ചെയറിന് സാദ്ധ്യതയില്ല. അതിനെ സംബന്ധിച്ച് സർക്കാരാണ് നിലപാട് സ്വീകരിക്കേണ്ടത്. സർക്കാർ ആ നിലപാട് ഇവിടെ സ്വീകരിച്ചു കഴിഞ്ഞു. അത് അംഗീകരിക്കുക. ഇനി ബില്ലുമായി ബന്ധപ്പെട്ട വിശദമായ ചർച്ചയ്ക്ക് അവസരമുണ്ട്. വകുപ്പു തിരിച്ചുള്ള ഭേദഗതിയുടെ സന്ദർഭത്തിലും നമുക്ക് പരിഗണനയ്ക്ക് അർഹതയുണ്ട്.

ഇനി ബിൽ ചർച്ചയ്ക്കെടുക്കാം. ചർച്ചയുടെ സമയത്ത് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം ഇടപെട്ട് സംസാരിക്കാനുള്ള അവസരമുണ്ട്.